# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3308 — 23.06.2014-ൽ മറുപടിക്ക്

## സേവനാവകാശം നിയമം നടപ്പിലാക്കുന്നതിനുമുമ്പ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.രാധാകൃഷ്ണൻ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശം നിയമം നടപ്പിലാക്കുന്നതിനുമുമ്പ് സേവനദാതാക്കളുടെ ആഫീസുകളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ ;<br><br>(ബി) പൊതുജനങ്ങൾക്കാവശ്യമായ സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ബന്ധപ്പെട്ട ആഫീസുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ? | (എ) യും (ബി) യും സർക്കാർ ഓഫീസുകൾ മുഖേന നൽകിവരുന്ന സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേയ്ക്കാണ് കേരള സംസ്ഥാന സേവനാവകാശ നിയമം നടപ്പിൽ വരുത്തിയത്. ഈ നിയമം നടപ്പിലാക്കുമ്പോൾ പുതുതായി ജോലി ഭാരമൊന്നും ഉണ്ടാകുന്നില്ല. ആയതിനാൽ ബന്ധപ്പെട്ട ഓഫീസുകളിൽ പുതുതായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതും പുതിയ ജീവനക്കാരെ നിയമിക്കുന്നതും ആവശ്യമായി വരുമെന്ന് കാണുന്നില്ല. |

സെക്ഷൻ ഓഫീസർ